**ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയസഖ്യം (എൻ.എ.പി.എം)**
**2012 ജൂലായ് 14, 15 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച**
**ജനകീയ നിയമസഭ അംഗീകരിച്ച പ്രമേയങ്ങൾ**

# ജനകീയ നിയമസഭയുടെ പരിഗണനകൾ

## വനസംരക്ഷണം

1. പാട്ടക്കരാറും പരിസ്ഥിതി നിയമങ്ങളും ലംഘിച്ച വനഭൂമിയിലുള്ള തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണം. 2. നെല്ലിയാമ്പതിയിലെ 21 തോട്ടങ്ങൾ ഏറ്റെടുക്കണം. 3. സർക്കാർ തോട്ടങ്ങളിൽ നിയമലംഘനം അവസാനിപ്പിക്കാൻ നിയമം ഉണ്ടാക്കണം. റബ്ബർ, എണ്ണപ്പന, വാനില മുതലായവയുടെ കൃഷികളും ടൂറിസം പദ്ധതികളും (പെരിയാർ ടൈഗർ റിസർവ്, ശിരുവാണി) അവസാനിപ്പിക്കാൻ നിയമം ഉണ്ടാക്കണം. 4. ഏലം കുത്തക പാട്ട ഭൂമി സംബന്ധിച്ച സുപ്രീം കോടതിയുടെ അപ്പക്സ് സമിതി റിപ്പോർട്ടിനെപറ്റിയുള്ള സർക്കാർ സത്യവാങ്മൂലം നൽകാൻ തീരുമാനിക്കണം. 5. 2004 സുപ്രീം കോടതിവിധി അനുസരിച്ച് കടുവാസങ്കേതത്തിന്റെ 10 കി.മീ പ്രദേശത്ത് എക്കോ സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുക. 6. മുൻ സർക്കാരിന്റെ കാലത്ത് തോട്ടക്കാർക്കുവേണ്ടി വനം വകുപ്പിനെതിരായി കേസ്സ് വാദിച്ച വക്കീലന്മാരെ സർക്കാർ വക്കീലന്മാരായി നിയമിക്കുന്നതു നിരോധിക്കുക. വനം കേസുകളിൽ പരിസ്ഥിതി അവബോധമുള്ള പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കുക. 7. ഇ.എഫ്.എൽ നിയമത്തിനെതിരായി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ വരുന്ന കേസിൽ പ്രഗത്ഭരായ അഭിഭാഷകരെ നിയമിക്കണം. 8. വയനാട്, മൈസൂർ തുടങ്ങിയ വനപാതകളിലെ ഗതാഗതം രാത്രി കാലങ്ങളിൽ നിരോധിക്കുക. പകൽ കർശനമായി നിയന്ത്രിക്കുക. 9. കാടുകൾ നശിപ്പിച്ചുകൊണ്ടുള്ള മലയോര ഹൈവേ, ശബരിപാത, പാറമടകൾ പേപ്പാറഡാം, ആതിരപ്പള്ളി തുടങ്ങിയ പദ്ധതികൾ ഉപേക്ഷിക്കുക. 10. വനം നിയമം ലംഘിച്ചുകൊണ്ട് ഉത്തരവുകൾ ഇറക്കുന്ന ഉദ്യോഗസ്ഥർക്കെതിരായി നിയമനടപടി സ്വീകരിക്കുക. 11. വനാവകാശ നിയമം സമ്പൂർണ്ണമായി നടപ്പാക്കുക.

## മൂന്നാർ

1. റീ സർവ്വേ നടത്തി ഗസറ്റിൽ വിജ്ഞാപനം നടത്തിയ കാര്യം കോടതിയിൽ അറിയിക്കുക. 2. നിയമസഭാ കമ്മിറ്റികളെ അക്കൗണ്ടബിൾ ആക്കണം. അവർ തെറ്റായ കണക്കുകൾ നൽകുന്നതിന്റെ ബാധ്യത അവരിൽ നിക്ഷിപ്തമാക്കണം. 3. പാട്ടക്കരാറുകൾ റദ്ദാക്കാൻ സാധിക്കുന്നില്ലെങ്കിൽ പാട്ടക്കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. 77 സർവ്വെ പ്രകാരമുള്ള 'അളന്നു തിരിച്ച് ജണ്ടയിടുക' എന്നത് കമ്പനിയുടെ ഉത്തരവാദിത്തമാണ്. അത് ചെയ്യിക്കുകയും ബാക്കി ഭൂമി സംരക്ഷിക്കുകയും വനമായി അധിക ഭൂമി ഏറ്റെടുക്കുകയും ചെയ്യുക. മരകൃഷി ഇപ്പോൾ അധിക ഭൂമിയിലാണ്. ഒന്നുകിൽ അത് ഏറ്റെടുത്ത് വനഭൂമിയായി സംരക്ഷിക്കുക. അല്ലെങ്കിൽ അനുപാതമനുസരിച്ച് തേയിലകൃഷി കൂട്ടുക. ഗ്രാന്റിസും, യൂക്കാലിയും തുടങ്ങിയ ജല ആഗിരണ മരങ്ങൾ ഒഴിവാക്കുക. 4. മലകളിൽ 1/4 മൈൽ വനമായി സംരക്ഷിക്കണം, പുഴകളിൽ നിന്നും 50 മീറ്റർ വനമായി സംരക്ഷിക്കണം. മൂന്ന് ആറുകളും പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുക്കുക. 5. ഭൂകമ്പ സാധ്യതയുള്ളതിനാൽ മൂന്നാർ ടൗൺഷിപ്പിൽ വൻ നിർമ്മാണങ്ങൾ ഒഴിവാക്കിയുള്ള ടൂറിസം നയം രൂപപ്പെടുത്തുക. 6. 4000 ഏക്കർ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെങ്കിലും അവർക്ക് യാതൊരു സൗകര്യങ്ങളും നൽകുന്നില്ല. മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുക. 7. അനധികൃതമായ എല്ലാ റിസോർട്ടുകൾക്കും എതിരായിട്ടുള്ള നിയമനടപടികൾ ശക്തമാക്കുക. 8. മറ്റെവിടെയും ഭൂമിയില്ലാതെ ജീവിക്കാനായ് ഭൂമി കിട്ടാൻ മൂന്നാറിലെത്തിയ കുടിയേറ്റങ്ങൾ സാധൂകരിക്കുക. 9. മറ്റെവിടെയെങ്കിലും ഭൂമിയുള്ള, മൂന്നാറിൽ കച്ചവടാവശ്യത്തിന് ഭൂമി വാങ്ങിയ കയ്യേറ്റക്കാരെ ഒഴിപ്പിക്കുക.

## ആറൻമുള വിമാനത്താവളം, നെൽവയൽ - നീർത്തട സംരക്ഷണം

1. അനാവശ്യവും വിനാശകരവും നെൽവയൽ നികത്തുന്നതുമായ ആറൻമുള വിമാനത്താവള പദ്ധതി ഉപേക്ഷിക്കുക. 2. വ്യവസായ മേഖലാ പ്രഖ്യാപനം പൂർണ്ണമായി പിൻവലിക്കുക.3. കൃഷി വ്യാപകമാക്കാൻ നടപടിയെടുക്കുക. 4. വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് സി.ബി.ഐ അന്വേഷണം നടത്തുക. 5. 2005 നു മുൻപുള്ള നെൽവയൽ-നീർത്തടം നികത്തിയവ ഒറ്റത്തവണ കരഭൂമിയാക്കാനുള്ള തീരുമാനം റദ്ദാക്കുക. 6. നിലവിലെ ഡാറ്റാ ബാങ്ക് സംബന്ധിച്ച് എത്രയും വേഗം വിജ്ഞാപനം ഇറക്കുക. പൊതു പരിശോധനയിലൂടെ തെറ്റുകൾ തിരുത്തി വീണ്ടും വിജ്ഞാപനമിറക്കുക. 7. ഏത് വികസന പദ്ധതി കൊണ്ടുവരുമ്പോഴും അതാതു പ്രദേശത്തെ

ജനങ്ങളെ അറിയിച്ച് മുൻകൂർ സമ്മതം വാങ്ങിയ ശേഷം മാത്രം പദ്ധതി അനുവദിക്കുക. 8. നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കുക. 9. നെൽകൃഷി നിലനിർത്താനുള്ള തരത്തിൽ ധനസഹായം നൽകുക.

## സ്വതന്ത്ര വ്യാപാര കരാർ

1. സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ബാധിക്കുന്ന കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ചെറുകിട വ്യാപാരം, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട എല്ലാ സ്വതന്ത്ര വ്യാപാര കരാറും ഒപ്പിടുന്നതിനു മുൻപ് സംസ്ഥാന നിയമസഭയുടെ അംഗീകാരം വാങ്ങുക.

## പാറമട ഖനനം

1. പാറ ഖനനം നിയന്ത്രിക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം കൊണ്ടുവരിക. സ്ഥാനം, ശേഷി, പാരിസ്ഥിതിക-സാമൂഹിക ആഘാതങ്ങൾ തുടങ്ങിയവ പരിഗണിച്ച ശേഷമേ അനുമതി നൽകാവു. തദ്ദേശീയ ഗ്രാമസഭകളുടെയും അംഗീകാരം നിർബന്ധമാക്കണം. 2. ജിയോളജി പാസ് നിർത്തലാക്കുക. 3. എക്സ്പ്ലോസീവ് ലൈസൻസ് കൈമാറ്റം ചെയ്യുന്നത് അവസാനിപ്പിക്കുക. 4. പാറമടകൾ കൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കാനുള്ള സാമ്പത്തിക ബാധ്യത പാറമട ഉടമയ്ക്കായിരിക്കും. 5. പാറ അടക്കമുള്ള എല്ലാ വിഭവങ്ങളുടെയും ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുക. വില നിയന്ത്രിക്കുക.

## വിളച്ചിക്കാല ക്ലേ മൈനിംങ്

1. ഖനന പദ്ധതികളുടെ സാമൂഹ്യ-പാരിസ്ഥിതിക ആഘാതങ്ങളും നേട്ട-കോട്ട വിശദാംശങ്ങളും നടത്തിയ ശേഷവും തദ്ദേശീയ ഗ്രാമസഭകളുടെ അംഗീകാരത്തിന് ശേഷവും മാത്രമേ മൈനിംങിന് അനുമതി നൽകാവൂ. 2. പൊളൂട്ടർ പേ പ്രിൻസിപ്പിൾ നടപ്പിലാക്കുക.

## കിനാലൂർ സമരം

1. പൊതു ആവശ്യത്തിനെന്ന പേരിൽ സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്നതിന് സർക്കാർ ഭൂമി ഏറ്റെടുക്കുന്നത് തടയുക. 2. നെൽപ്പാടങ്ങൾ-തണ്ണീർത്തടങ്ങൾ മുതലായവ നശിപ്പിച്ചുകൊണ്ട് കമ്പനികൾക്ക് വേണ്ടി റോഡുകൾ നിർമ്മിക്കുന്നത് ഒഴിവാക്കുക. 3. പ്രാദേശിക ഗ്രാമസഭകളെ യഥാസമയം അറിയിച്ച് അവരുടെ സമ്മതം വാങ്ങേണ്ടതാണ്.

## അട്ടപ്പാടി - ആദിവാസികൾ

1. വിവിധ പദ്ധതികളുടെ പേരിൽ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചു നൽകുക. 2. ആദിവാസി ക്ഷേമ പദ്ധതികൾക്കുള്ള വിഹിതം വിനിയോഗിക്കുന്നു എന്നുറപ്പിക്കാൻ ആദിവാസികൾക്ക് പങ്കാളിത്തമുള്ള സംവിധാനം നടപ്പാക്കുക. 3. പരിസ്ഥിതി പുനഃസ്ഥാപനം നടപ്പാക്കുക.

## ഗ്യാസ് പൈപ്പ് ലൈൻ

1. ജനവാസ-കൃഷി-പരിസ്ഥിതി പ്രദേശങ്ങൾ ഒഴിവാക്കി പദ്ധതി പുനർരൂപകൽപ്പന ചെയ്യുക. 2. സർക്കാർ ഏറ്റെടുക്കുന്ന ഭൂമി സ്വകാര്യ കമ്പനിക്ക് കൈമാറില്ല എന്നുറപ്പാക്കുക. 3. പദ്ധതി പ്രദേശങ്ങളിലെ ഗ്രാമസഭകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും മുൻകൂർ അനുമതി അനിവാര്യമാക്കുക.

## കരിമണൽ ഖനനം

1. പാരിസ്ഥിതികമായി ദുർബല പ്രദേശങ്ങളെ പൊതുമേഖലാ സ്ഥാപനങ്ങൾക്കാണെങ്കിൽപ്പോലും ഖനനം നടത്താതിരിക്കുക. നിലവിലെ പദ്ധതി നിർത്തി വയ്ക്കുക.
2. ധാതുക്കൾ പൊതു ആസ്തിയാക്കുക. അവ സ്വകാര്യ മേഖലയ്ക്ക് കൈമാറാതെ സൂക്ഷിക്കുക.
3. ഇതുവരെ നടന്ന ഖനനം മൂലമുണ്ടായ സാമൂഹ്യ-പാരിസ്ഥിതിക ആഘാതങ്ങൾ വിലയിരുത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുക.

## വല്ലാർപാടം, മൂലമ്പിള്ളി, നെടുമ്പാശ്ശേരി

1. പൊതു ആവശ്യത്തിനെന്ന പേരിൽ ഭൂമി ഏറ്റെടുത്ത് സ്വദേശി-വിദേശി കുത്തകകൾക്ക് കൈമാറുന്നത് നിരോധിക്കുക. 2. നടപ്പിലാക്കിയ പദ്ധതികളുടെ നേട്ടവും-കോട്ടവും വിശകലനം നടത്തി ജനങ്ങളെ അറിയിക്കുക. 3. എത്രപേർ കുടിയിറക്കപ്പെട്ടു, അതിലെത്ര പേർ പുനരധിവസിക്കപ്പെട്ടു, എത്ര പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടായി, എത്രമാത്രം പാരിസ്ഥിതിക നഷ്ടമുണ്ടായി തുടങ്ങിയവ വിശകലനം ചെയ്യുക. 4. ജനങ്ങളെ നിർബന്ധമായി കുടിയൊഴിപ്പിച്ച് നിർമ്മിച്ചിട്ടുള്ള അതിസമ്പന്നരുടെ വിനോദത്തിനായുള്ള നെടമ്പാശ്ശേരിയിലെ ഗോൾഫ് ക്ലബ്ബ് അടച്ചുപൂട്ടുക. 5. വല്ലാർപാടം പദ്ധതി വഴി സമൂഹത്തിന് നഷ്ടമായ കൊച്ചി തുറമുഖം തിരിച്ചു പിടിക്കുക. കൊച്ചി തുറമുഖത്ത് കണ്ടെയ്നർ ഗതാഗതം പുനരാരംഭിക്കുക. 6. കൊച്ചി പോർട്ട് ട്രസ്റ്റും ദുബായ് പോർട്ട് വേൾഡും തമ്മിലുള്ള അസന്തുലിതമായ കരാർ റദ്ദാക്കുക. 7. കുത്തകകൾക്ക് വേണ്ടി കബോട്ടാഷ് വ്യവസ്ഥകൾ ഇളവ് ചെയ്യുന്നത് നിർത്തുക.

## തീരദേശ - മത്സ്യമേഖല

1. വിദേശ ട്രോളറുകൾ രാജ്യത്തിന്റെ സമുദ്രപരിധി കടന്നുകയറുന്നത് തടയുക. 2. കപ്പൽ സഞ്ചാരം 60 നോട്ടിക്കൽ മൈലിനപ്പുറമായി നിജപ്പെടുത്തുക. 3. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് കുറഞ്ഞ വിലയിൽ മണ്ണെണ്ണ നൽകുക. 4. മത്സ്യബന്ധനാവകാശം മീൻപിടുത്തക്കാർക്കായി ഉറപ്പു വരുത്തുക. 5. മത്സ്യ മാർക്കറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മത്സ്യ വിപണന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുകയും ചെയ്യുക.

## ഭൂ ഉടമസ്ഥത

1. വനേതര തോട്ടങ്ങളുടെ പാട്ടം റദ്ദാക്കി അവ ഭൂരഹിത കർഷകർക്ക് നൽകുക.
2. നൽകുന്ന ഭൂമി കൃഷി യോഗ്യമാണെന്ന് ഉറപ്പുവരുത്തുക.

## കൃഷി - ജലം

1. നെൽവയൽ തണ്ണീർതട സംരക്ഷണം ഉറപ്പിക്കണം. 2. ഡാറ്റാ ബാങ്ക് സംബന്ധിച്ച് വിജ്ഞാപനം ഇറക്കി നെൽ കൃഷി സംരക്ഷണം ഉറപ്പാക്കുക. 3. ഭൂരഹിത നാമമാത്ര കർഷകരുടെ കൃഷി ജീവനാവകാശം സംരക്ഷിക്കണം. 4. പുഴകളുടെയും-കായലുകളുടെയും തടാകങ്ങളുടെയും മലിനീകരണം തടയുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി പ്രദേശിക ഭരണകൂടങ്ങളുടെ കീഴിൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കണം. 5. എൻഡോസൾഫാൻ ട്രിബ്യൂണൽ രൂപീകരിക്കുക. 6. മുല്ലപ്പെരിയാർ വിഷയത്തിൽ സമാധാനപരമായി പരിഹാരം കാണണം. (സാങ്കേതികവും ശാശ്വതവും പാരിസ്ഥിതികവും) 7. പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര സർക്കാരിനെ കൊണ്ട് അംഗീകരിപ്പിക്കുക. 8. ദേശീയ മനുഷ്യാവകാശ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുക. 9. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് സമ്പൂർണ്ണമായി അംഗീകരിച്ച് നടപ്പിലാക്കുക.

## പെരിയാർ

1. പെരിയാറിനെ മലിനമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ സ്വന്തം മാലിന്യം സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക. നിയമം ലംഘിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുക. 2. പെരിയാറിലെ മണൽ വാരൽ പൂർണ്ണമായും നിരോധിക്കുക. 3. മലിനീകരണം മൂലം ദുരിതമനുഭവിക്കുന്നവർക്കു വ്യവസായ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകുക.

## ആലപ്പുഴ ടൂറിസം/ബേക്കൽ ടൂറിസം

1. ഹൗസ് ബോട്ടുകളുടെ എണ്ണവും വലുപ്പവും നിയന്ത്രിക്കുക. 2. പുതിയ ലൈസൻസ് കൊടുക്കാതിരിക്കുക 3. പ്ലാസ്റ്റിക്ക് കുപ്പികൾ അടക്കമുള്ള മാലിന്യങ്ങളും എഞ്ചിനോയിലും വീണ് കാലയൽ മലിനമാകുന്നത് തടയുക. പരിസ്ഥിതി കേന്ദ്രീകൃതമായ ടൂറിസം നയം രൂപീകരിക്കുക. 4. വൻകിട മൂലധനനിക്ഷേപങ്ങളുള്ള ടൂറിസം പദ്ധതികൾ നിരോധിക്കുക. 5. തൊഴിൽ നിയമങ്ങൾ ടൂറിസത്തിൽ നടപ്പാക്കുക. 6. സർക്കാരിന്റെ നികുതി വരുമാനം ഉറപ്പാക്കുക 7. ടൂറിസം മേഖലകളുടെ സാമൂഹ്യപാരിസ്ഥിതിക നേട്ട-കോട്ട വിശകലനം നടത്തുക. 8. സെക്സ് ടൂറിസം കർശനമായി തടയുക. മസാജ് പാർലറുകൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ മുതലായവയ്ക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുക.

## കാതിക്കുടം

കാതിക്കുടം എൻ.ജി.ഐ.എൽ കമ്പനി അടച്ചുപൂട്ടുക. അല്ലെങ്കിൽ സീറോ വേസ്റ്റ് ഡിസ്ചാർജ്ജ് സംവിധാനം ഏർപ്പെടുത്തുക.

## ഞെളിയൻ പറമ്പ് മാലിന്യ പ്രശ്നം

1. ട്രെഞ്ചിംഗ് ഗ്രൗണ്ട് എന്നന്നേക്കുമായി അടച്ചുപൂട്ടുക. 2. നിലവിലുള്ള മാലിന്യങ്ങൾ എടുത്തുമാറ്റുക/ശാസ്ത്രീയമായി സംസ്ക്കരിക്കുക. 3. ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുക. 4. ജൈവമാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തുതന്നെ സംസ്ക്കരിക്കുക.

## ചക്കംകണ്ടം മാലിന്യ പ്രശ്നം

1. നഷ്ടം സംഭവിച്ചവർക്ക് പരിഹാരം നൽകുക. 2. ട്രീറ്റ്മെന്റ് പ്ലാന്റും അതിൽ നിന്നുപുറത്തുവരുന്ന മാലിന്യങ്ങളും പരിശോധിക്കുക. 3. ലോഡ്ജുകളിലും ഹോട്ടലുകളിലും നിന്ന് മാലിന്യങ്ങൾ പുറത്തുവിടുന്നതു അവസാനിപ്പിക്കുക. 4. നഗരവികസനം തല്ക്കാലം നിർത്തിവെച്ച് ശാസ്ത്രീയമായി പുനർരൂപീകരണം ചെയ്യുക. 5. പരിസ്ഥിതി ആഘാത പഠനം നടത്താതെ പ്ലാന്റിന്റെ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാതിരിക്കുക.

## മാവൂർ റയൺസ്

1. കമ്പനിമൂലം ദുരിതമനുഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ രൂപീകരിക്കുക. 2. പുതുതായി ഇവിടെ നിർദ്ദേശിക്കപ്പെടുന്ന വ്യവസായങ്ങൾ പരിസ്ഥിതിക്ക് വിനാശം വരുത്തുന്നവയല്ലെന്ന് ഉറപ്പാക്കുക. അതിൽ തദ്ദേശീയർക്ക് തൊഴിൽ ലഭ്യമാക്കണം.

## മദ്യ നിരോധനം

1. സമ്പൂർണ്ണമായി മദ്യനിരോധനം നടപ്പിലാക്കുക. ജനങ്ങൾ എതിർക്കുന്ന മദ്യഷാപ്പുകൾ ആദ്യം അടച്ചുപൂട്ടുക. 2. ഒരു പ്രദേശത്ത് മദ്യഷാപ്പുകൾ വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന പഞ്ചായത്ത് രാജ് – നഗരപാലിക ബില്ലിലെ 232, 447 വകുപ്പുകൾ പുനഃസ്ഥാപിക്കുക. 3. നീര പോലുള്ള പാനീയങ്ങൾ ഉൽപാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള അവകാശം കർഷകർക്ക് നൽകുക.

## പെരിയാർ രക്ഷാസംഗമം

പെരിയാർ നേരിടുന്ന മലിനീകരണ ഭീഷണികൾക്ക് അടിയന്തിരവും ശാശ്വതവുമായ പരിഹാരം കാണുന്നതിനും വ്യവസായ മലിനീകരണത്തിനെതിരെ പ്രവർത്തിക്കുന്ന പ്രതിരോധ പ്രവർത്തകർക്കെതിരെ കള്ളക്കേസുകളും കുപ്രചരണങ്ങളും അഴിച്ചുവിടുന്ന മാഫിയകളെ നേരിടുന്നതിനുമായി പെരിയാർ രക്ഷാസംഗമം സംഘടിപ്പിക്കുന്നു. 2012 ആഗസ്റ്റ് 22ന് രാവിലെ 10.00 മുതൽ വൈകീട്ട് 5.00 വരെ, ഏലൂർ പാതാളം കവലയിൽ വച്ച്.

*ബന്ധങ്ങൾക്ക്: 9846442222*

## സർവ്വോദയപുരം (ആലപ്പുഴ)

1. സർവ്വോദയപുരത്തെ മാലിന്യ സംസ്ക്കരണകേന്ദ്രം അടച്ചുപൂട്ടുക. മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തുതന്നെ സംസ്ക്കരിക്കുക. 2. നഗരവികസനം നിയന്ത്രിക്കുക.

## ഇടനാടൻകുന്നുകൾ/കണ്ടൽകാടുകൾ

1. മലിനീകരണനിയന്ത്രണ നിയമങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് നടപ്പിലാക്കുക. 2. കുന്നുകളിടിക്കാൻ അനുമതി നൽകാൻ പാടില്ല. 3. ചുവന്ന മണ്ണ്, കേന്ദ്രസർക്കാർ പട്ടികയിലെന്നപോലെ ലഘുധാതുക്കളിൽപ്പെടുത്തുക. 4. മലിനീകരണ നിയന്ത്രണ ബോർഡ് കൂടുതൽ കാര്യക്ഷമമാക്കി സജീവമാക്കുക.

## ഗതാഗതം, ഊർജ്ജം, വിദ്യാഭ്യാസം, ആരോഗ്യം

1. കൂടംകുളം നിലയം പ്രവർത്തിപ്പിക്കരുതെന്ന് കേരള നിയമസഭ ഐക്യകണ്ഠേന ആവശ്യപ്പെടുക. 2. ജീവൻ രക്ഷാ മരുന്നുകളുടെ പേരിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കാൻ ഈ മരുന്നുകളുടെ വിതരണം പൂർണ്ണമായും പൊതുമേഖലയിലാക്കുക. എം.ആർ.പി യുടെ മറവിൽ നടക്കുന്ന തട്ടിപ്പുകൾ തടയുക. 3. നാലര ലക്ഷം മനുഷ്യരെ ദോഷകരമായി ബാധിക്കുന്ന ഹൈവെ വികസനം, സ്വകാര്യവൽക്കരണം എന്നിവ തടയുകയും പൊതുപാതകളായി നിലനിർത്തുകയും വേണം. ഒന്നാം സർവ്വകക്ഷിയോഗ തീരുമാനമനുസരിച്ച് 30 മീറ്ററിൽ സർക്കാർ നാലുവരിപ്പാത നിർമ്മിക്കണം. 4. കേരളത്തിലെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്ന പാലിയക്കരയിലെ (തൃശ്ശൂർ) ദേശീയപാതയിൽ സ്ഥാപിച്ചിരിക്കുന്ന ടോൾ പ്ലാസ അടച്ചുപൂട്ടുക. 5. ഇന്ത്യൻ ജനങ്ങൾക്കുമേൽ നടക്കുന്ന വ്യാജമരുന്ന് വിൽപ്പന തടയുക. ആരോഗ്യ ശീലങ്ങൾ പാഠ്യപദ്ധതിയിലൂടെ പ്രചരിപ്പിക്കുക. 6. പൊതുവിദ്യാഭ്യാസം സംരക്ഷിക്കുക. സ്വാശ്രയസ്ഥാപനങ്ങളെ നിയന്ത്രിക്കുക. പടിപടിയായി അവയെ ഒഴിവാക്കുക. 7. മെഡിക്കൽ സർവ്വകലാശാലയിലെ വൻ അഴിമതിയെപ്പറ്റി അന്വേഷിക്കുക. അതിനെ അഴിമതിവിമുക്തമാക്കുക. മെച്ചപ്പെട്ട നിലവാരമുള്ള പൊതു മെഡിക്കൽ കോളേജുകളെ തകർക്കുന്ന നയം നിർത്തുക. 8. നഴ്സുമാരുടെ സമരത്തിന്റെ ഭാഗമായി തയ്യാറാക്കിയ ജസ്റ്റിസ് ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക. 9. അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം (1979) കർശനമായി നടപ്പിലാക്കുക. അസംഘടിത തൊഴിലാളികളുടെ സംരക്ഷണത്തിന് നിയമങ്ങൾ നിർമ്മിക്കുക.